

ഇന്തോ–ബ്രിട്ടിഷ് ഹെൽത്ത് ഇനീഷ്യേറ്റീവ്സ് സെക്രട്ടറി ഡോ. പൃഥി മോഹൻദാസ്, ലണ്ടൻ യൂണിവേഴ്സിറ്റി കോളജിലെ സർജറി വിഭാഗം പ്രഫസറും ഇന്ത്യ സന്ദർശിക്കുന്ന ബ്രിട്ടൻ ആരോഗ്യ സംഘത്തിന്റെ നേതാവുമായ കേക്കർ , ചെന്നൈയിലെ ബ്രിട്ടിഷ് ഡപ്യൂട്ടി ഹൈക്കമ്മിഷണർ മൈക്ക് നിതാവ്രിയാനകിസ് തുടങ്ങിയവർ ഇന്തോ–യുകെ ഓങ്കോളജി ഉച്ചകോടിയുടെ ഉദ്ഘാടനച്ചടങ്ങിൽ

# ഇന്തോ–യുകെ ഓങ്കോളജി ഉച്ചകോടിക്ക് തുടക്കം

ചെന്നൈ● അർബുദ ചികിൽസാ രംഗത്തെ നൂതന സാങ്കേതികവിദ്യകൾ ചർച്ച ചെയ്യുന്ന ഇന്തോ–യുകെ ഓങ്കോളജി ഉച്ചകോടി ആരംഭിച്ചു. ലണ്ടൻ യൂണിവേഴ്സിറ്റി കോളജിലെ സർജറി വിഭാഗം പ്രഫസറും ഇന്ത്യ സന്ദർശിക്കുന്ന ബ്രിട്ടൻ ആരോഗ്യ സംഘത്തിന്റെ നേതാവുമായ കേക്കർ ഉച്ചകോടി ഉദ്ഘാടനം ചെയ്തു. അർബുദ ചികിൽസാ രംഗത്തെ പുതിയ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നത് ഈ മേഖലയിൽ ഏറെ പുരോഗതി കൈവരിക്കാൻ സഹായിക്കുമെന്നു കേക്കർ പറഞ്ഞു.

എല്ലാ രണ്ടു മിനിറ്റിലും ബ്രിട്ടനിൽ ഒരാൾക്ക് അർബുദരോഗം സ്ഥിരീകരിക്കുന്ന സാഹചര്യമാണുള്ളത്. 1970കൾക്കു ശേഷം അർബുദരോഗികളുടെ എണ്ണത്തിൽ മൂന്നു മടങ്ങു വർധനയാണുണ്ടായത്. 2008ൽ 12.7 മില്യൻ പുതിയ രോഗികൾക്കാണു കാൻസർ രോഗബാധ സ്ഥിരീകരിച്ചത്. ഇതിൽ പകുതിയും വികസിത രാജ്യങ്ങളിൽ നിന്നായിരുന്നു. ഇന്ത്യയിൽ പ്രതിവർഷം 10 ലക്ഷം പേർക്കാണു പുതിയതായി അർബുദ രോഗമുണ്ടാകുന്നത്.

അർബുദ രോഗത്തെ പ്രതിരോധിക്കാൻ ആഗോളതലത്തിൽ തന്നെ പദ്ധതികൾ ആസൂത്രണം ചെയ്യണം.

അർബുദ ചികിൽസാ രംഗത്ത് ഏറെ പുരോഗതി ഇപ്പോഴുണ്ടായിട്ടുണ്ട്. കഴിഞ്ഞ 40 വർഷത്തിനുള്ളിൽ അർബുദത്തെ അതിജീവിക്കുന്നവരുടെ എണ്ണം ബ്രിട്ടനിൽ ഇരട്ടിയോളമായി ഉയർന്നു. അർബുദം ബാധിക്കുന്ന കുട്ടികളിൽ നാലിൽമൂന്നുപേരുടെയും രോഗം ചികിൽസയിലൂടെ ഭേദമാക്കാൻ സാധിക്കുന്നുണ്ടെന്നു കേക്കർ പറഞ്ഞു.

അർബുദ ചികിൽസാ രംഗത്ത് ഇന്ത്യയിൽ ഏറെ പുരോഗതിയുണ്ടായിട്ടുണ്ടെന്നു കേക്കർ പറഞ്ഞു. അർബുദ ചികിൽസയ്ക്കു മാത്രമായി രാജ്യത്ത് ഒട്ടേറെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇന്തോ–ബ്രിട്ടിഷ് ഹെൽത്ത് ഇനീഷ്യേറ്റീവിന് ഇക്കാര്യത്തിൽ വലിയ സഹായം നൽകാൻ സാധിക്കുമെന്നും കേക്കർ പറഞ്ഞു.

ചെന്നൈയിലെ ബ്രിട്ടിഷ് ഡപ്യൂട്ടി ഹൈക്കമ്മിഷണർ മൈക്ക് നിതാവ്രിയാനകിസ്, ലണ്ടനിലെ കിങ്സ് കോളജിലെ പ്രഫ. ആർനി പുരുഷോത്തം, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഡപ്യൂട്ടി കമ്മിഷണർ ഡോ. ദാമോദർ ബച്ചാനി, മുംബൈ ടാറ്റാ മെമ്മോറിയൽ സെന്റർ ഡയറക്ടർ ഡോ. രാജേന്ദ്ര ബാദ്വെ, മിയോട്ട് ഇന്റർനാഷനൽ ആശുപത്രിയിലെ മെഡിക്കൽ ഓങ്കോളജിസ്റ്റ് ഡോ. രാം പ്രഭു, ഇന്തോ–ബ്രിട്ടിഷ് ഹെൽത്ത് ഇനീഷ്യേറ്റീവ്സ് സെക്രട്ടറി ഡോ. പൃഥി മോഹൻദാസ് പ്രസംഗിച്ചു. ഉച്ചകോടി ഇന്നു സമാപിക്കും.